ശ്രീ. കാനം രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവീസിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലുമായി ഇതുവരെ എത്ര ഒഴിവുകൾ വിവിധ തസ്തികകളിലായി വന്നിട്ടുണ്ട് ;

(ബി) ഇതിൽ എത്ര തസ്തികകൾ ഇപ്പോഴും നിയമനം നടത്താതെ ഒഴിഞ്ഞുകിടപ്പുണ്ട് ;

(സി) ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ), (ബി) & (സി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ 277 ഒഴിവുകൾ ഉണ്ടായതിൽ ഇനിയും 25 തസ്തികകളിൽ നിയമനം നടത്തേണ്ടതുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനായി പി. എസ്. സി. യോട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു വകുപ്പുകളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിലെ മറ്റു തസ്തികകളെയും സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ഗവൺമെന്റ് സെക്രട്ടറിയുടെ ടെലിഫോൺ ചാർജ്

45. [63] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടറിയായിരുന്ന റവന്യൂ ബോർഡ് മെമ്പർ ശ്രീ. സ്വാമിനാഥന്റെ താമസസ്ഥലത്തെ ടെലിഫോൺ ബില്ലിന്റെ അമിതമായ സംഖ്യ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ശ്രീ. റവ. വി. സ്വാമിനാഥന്റെ താമസസ്ഥലത്തെ ടെലിഫോൺ ബില്ലിന്റെ അമിതമായ സംഖ്യയെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ടെലിഫോൺ ഡിസ്ട്രിക്റ്റ് മാനേജരിൽനിന്നും പൂർണ്ണ വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിച്ചിട്ടില്ല. അതു കിട്ടിയതിനുശേഷമേ അന്വേഷണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളു.

പരസ്യക്കൂലിക്ക് നൽകിയ തുക

46. [64] ശ്രീ. കെ. മുസ്സാക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 29 വരെ പരസ്യം പ്രസിദ്ധപ്പെടുത്തിയ ഇനത്തിൽ സംസ്ഥാനത്തെ ഓരോ പത്രത്തിനും പരസ്യക്കൂലിയായി നൽകിയ തുക എത്രവീതമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് മുഖേന പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയ ഇനത്തിൽ ദിനപ്പത്രങ്ങൾക്ക് പരസ്യക്കൂലിയായി 1982-83, 1983-84, 1984-85, 1985-86 (29-9-1986 വരെ) എന്നീ വർഷങ്ങളിൽ യഥാക്രമം 49,99,556.79 രൂപ, 77,99,999.46 രൂപ, 81,99,999.27 രൂപ, 95,98,864.29 രൂപ നൽകിയിട്ടുണ്ട്.

1982-83, 1983-84, 1884-85 (18-7-1985 വരെ) 1985-86 (19-7-1985 മുതൽ 29-9-1986 വരെ) എന്നീ വർഷങ്ങളിൽ ഓരോ പത്രത്തിനും നൽകിയ പരസ്യക്കൂലി വിവരങ്ങളടങ്ങിയ പട്ടിക ഇതോടൊപ്പം വച്ചിട്ടുണ്ട്.†

പ്രധാനമന്ത്രിയുടെ കേരള സന്ദർശനം

47. [65] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഓണക്കാലത്ത് പ്രധാനമന്ത്രി നടത്തിയ കേരള സന്ദർശനത്തിന് കേരളാ ഗവൺമെൻറിന് ചെലവുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യ ചെലവായി ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ഡൽഹിയാത്ര

48. [66] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ മുഖ്യമന്ത്രി എത്ര പ്രാവശ്യം ഡൽഹിയാത്ര നടത്തി ;

(ബി) ഡൽഹിയാത്ര ഇനത്തിൽ വാങ്ങിയ യാത്രാ ബത്ത എത്ര ?

ഉത്തരം

(എ) 79 (എഴുപത്) പ്രാവശ്യം.

(ബി) 31,619.90 (മുപ്പത്തോരായിരത്തി അറുനൂറ്റി പത്തൊൻപതു രൂപ തൊണ്ണൂറു പൈസമാത്രം)

മുഖ്യമന്ത്രിയുടെ ഗുരുവായൂർ യാത്ര

49. [67] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ മുഖ്യമന്ത്രി എത്ര പ്രാവശ്യം ഗുരുവായൂർ യാത്ര നടത്തി ;

(ബി) ഗുരുവായൂർ യാത്ര ഇനത്തിൽ യാത്രാ ബത്ത വാങ്ങിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ?

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly